**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2184** **06-07-2022 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിൽ പുതിയ ആയുർവേദ ഡിസ്പെൻസറികൾക്കുള്ള അടിസ്ഥാന സൗകര്യം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി, കല്ലുവാതുക്കൽ, ചിറക്കര എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ഭാരതീയ ചികിത്സ വകുപ്പിന്റെ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ( ഫയൽ നം : എ 1 / 16 / 2021 ആയുഷ് തീയതി 21.01.2021 ) അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റികൾ തീരുമാനം ലഭ്യമാക്കിയിട്ടുണ്ടോ ;വിശദമാക്കാമോ ? | (എ) | ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി, ചിറക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റികൾ തീരുമാനം ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലും എ1/16/2021 പ്രകാരം സർക്കാർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലും ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ അധിക വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനം നാളിതുവരെ സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ